**കേരള സർക്കാർ**

**നം.118/ഡി.എ 1/2017-തസ്വഭവ**
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 01.03.2017.

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ്-വരൾച്ചയെ നേരിടുന്നതിന്റെ ഭാഗമായി ടാങ്കറിൽ കുടിവെള്ള വിതരണം നടത്തുന്നത് - സംബന്ധിച്ച്.

സൂചന:- 1. സ.ഉ. (സാധാ) 787/2017/ഡി.എം.ഡി തീയതി 23/2/2017
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 15/02/2017-ലെ 2.2-ാം നമ്പർ തീരുമാനം

വരൾച്ചയെ നേരിടുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും ടാങ്കറിൽ കുടിവെള്ള വിതരണം നടത്താവുന്നതാണ്. കുടിവെള്ള വിതരണത്തിനു വരുന്ന ചെലവിന്റെ ബില്ല് അതാതു ജില്ലാകളക്ടർക്ക് സമർപ്പിച്ച് തുക റീഇംപേഴ്സ് ചെയ്തു വാങ്ങണം. ടാങ്കറിൽ കുടിവെള്ളവിതരണം നടത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിക്കാൻ പാടില്ല.

2) വരൾച്ചയെ തുടർന്നുള്ള കുടിവെള്ളക്ഷാമം പരിഹരിക്കാൻ താഴെപ്പറയുന്ന പ്രവർത്തികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

- പൊതുകുടിവെള്ള സ്രോതസ്സുകൾ വൃത്തിയാക്കി സംരക്ഷിക്കുകയും ശുദ്ധജല വിതരണത്തിന് ഉപയുക്തമാക്കുകയും ചെയ്യണം.
- പൊതു കുഴൽ കിണർ, തുറന്ന കിണർ ഇവയുടെ കേടുവന്ന മോട്ടോർ, പമ്പ്സെറ്റ് ഇവയുടെ ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്യണം
- പൊതു കുഴൽ കിണറുകളും തുറന്ന കിണറുകളും ഉപയോഗപ്രദമാക്കണം.
- ചെക്ക് ഡാമുകളും തടയണകളും വൃത്തിയാക്കണം
- തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിലുള്ളതും ഗുണഭോക്തൃ സമിതിയുടെ നിയന്ത്രണത്തിലുള്ളതുമായ കുടിവെള്ള പദ്ധതികളിൽ വൈദ്യുതി കുടിശ്ശിക കാരണം ജല വിതരണം മുടങ്ങി ക്കിടക്കുകയാണെങ്കിൽ വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കാനും വൈദ്യുതി ബിൽ അടയ്ക്കാനും തുകവകയിരുത്തണം.
- അനുയോജ്യമായ സ്ഥലങ്ങളിൽ വാട്ടർ കിയോസ്കുകൾ സ്ഥാപിച്ച് കുടിവെള്ളം ടാങ്കറിലൂടെ എത്തിക്കണം. കിയോസ്കിനുവേണ്ട ടാങ്കുകൾ ഇ-ടെണ്ടറിലൂടെ വാങ്ങണം.

3. മേൽപ്പറഞ്ഞവയ്ക്ക് തനത് ഫണ്ടോ പ്ലാൻ ഫണ്ടോ ഉപയോഗിക്കാവുന്നതാണ്.

മറുപുറം

4. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ജലസ്രോതസ്സ് ദുരുപയോഗം ചെയ്യാതെ സംരക്ഷിക്കുന്നതിന് പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

5. വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

**എ.കെ.മോഹനകുമാർ**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും } (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും } (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും } (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും } (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും } (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും } (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും/സെക്രട്ടറിമാർക്കും } (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും } (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**പകർപ്പ്:-** തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്

**ഉത്തരവിൻ പ്രകാരം**

Saradadevi

**സെക്ഷൻ ഓഫീസർ.**